"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിലെ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സുമേഷ് എസ്.എൽ-നെതിരെയുള്ള വിജിലൻസ് ട്രാപ് കേസ് - അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് ഊർജ്ജ വകുപ്പിലെ ഹയർ ഗ്രേഡ് അണ്ടർ സെക്രട്ടറിയായ ശ്രീ.രാമനാഥ് ജി-യെ എൻക്വയറി ഓഫീസറായും ഊർജ്ജ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ.മനോജ് എസ്-നെ പ്രസന്റിംഗ് ഓഫീസറായും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.203/2024/POWER തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 05.03.2024-ലെ VC-02/2024/KTM നമ്പർ കത്ത്.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 06.03.2024 തീയതികളിലെ സി.ഇ.ഐ./1962/2024-ഇ2 നമ്പർ കത്ത്.
3. സ.ഉ.(സാധാ.) നം. 41/2024/പവർ തീയതി: 07.03.2024.
4. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.03.2024-ലെ C2-(VC-2/2024/KTM)10168/2024/DVACB നമ്പർ കത്ത്.
5. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 09.05.2024-ലെ സി.ഇ.ഐ./1962/2024-ഇ2 നമ്പർ അന്വേഷണ റിപ്പോർട്ട്.
6. ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സുമേഷ് എസ്.എൽ-ന് ലഭ്യമാക്കിയ 20.05.2024-ലെ PWR-A3/43/2024-POWER നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.

**ഉത്തരവ്**

ചാവറ പബ്ലിക് സ്കൂൾ, പാലാ-യിലെ ലിഫ്റ്റ് ഇൻസ്പെക്ഷനുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സുമേഷ് എസ്.എൽ കൈക്കൂലി ആവശ്യപ്പെട്ടു എന്ന ആരോപണവുമായി ബന്ധപ്പെട്ട് ശ്രീ.സണ്ണി എം.പി. എന്നയാൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റിൽ ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സുമേഷ് എസ്.എൽ-നെ പ്രതിയായി 02.03.2024-ന് കേസ് രജിസ്റ്റർ

ചെയ്തു. തുടർന്ന് 04.03.2024-ന് അറേഞ്ച് ചെയ്ത ട്രാപ്പിൽ പരാതിക്കാരന്റെ കൈയിൽ നിന്നും കൈക്കൂലി ആവശ്യപ്പെട്ട് ആയത് കൈപ്പറ്റിയ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീ.സുമേഷ് എസ്.എൽ-ന്റെ പക്കൽ നിന്നും 7000/- രൂപ ബന്ധവസ്സിൽ എടുത്തതായും ടിയാനെ 04.03.2024-ന് പകൽ 1.30 മണിക്ക് അറസ്റ്റ് ചെയ്യുകയും റിമാന്റ് അനുവദിച്ച് കോട്ടയം ജില്ലാ ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചു വരുന്നതുമാണെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, കോട്ടയം പരാമർശം 1 പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 2 പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചു.

2. ടി ശുപാർശയുടെ അടിസ്ഥാനത്തിൽ V.C 02/2024/KTM u/s 7 (a) of Prevention Of Corruption Act 1988 A s Amended By Prevention of Corruption Act (Amendment 2018) പ്രകാരമുള്ള ട്രാപ് കേസിലെ പ്രതിയായ ശ്രീ.സുമേഷ് എസ്.എൽ.നെ 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1) (b), ചട്ടം 10 (3) എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം വേലവിലക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിഷയത്തിൽ അന്വേഷണം നടത്തി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 5 പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി ജീവനക്കാരനെതിരെ 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 6 പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്.

3. 1960-ലെ കേരളാ സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം, ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഊർജ്ജ വകുപ്പിലെ ഹയർ ഗ്രേഡ് അണ്ടർ സെക്രട്ടറിയായ ശ്രീ.രാമനാഥ് ജി-യെ എൻക്വയറി ഓഫീസറായും ഊർജ്ജ (എ) വകുപ്പിലെ സെക്ഷൻ ഓഫീസർ ശ്രീ.മനോജ് എസ്-നെ പ്രസന്റിംഗ് ഓഫീസറായും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ശ്രീ.സുമേഷ് എസ്.എൽ. ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോട്ടയം യൂണിറ്റ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 22-10-2024 15:14:50

സെക്ഷൻ ഓഫീസർ